പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 312

13.10.2011 ൽ
മറുപടിയ്ക്ക്

## അരിവില നിയന്ത്രണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ :<br>ശ്രീമതി. ഗീതാ ഗോപി ;<br>ശ്രീ. ചിറ്റയം ഗോപകുമാർ ;<br>ശ്രീ. ഇ.കെ. വിജയൻ ; | ശ്രീ. റ്റി.എം. ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കേന്ദ്രസർക്കാർ അരികയറ്റുമതി ചെയ്യുന്നതിന് അനുമതി നൽകിയതുമൂലം പൊതുകമ്പോളത്തിൽ അരിവില വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ അത് നേരിടുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; വിശദമാക്കുമോ ; | എ) ഇല്ല. കമ്പോളത്തിൽ അരിയുടെ വില നിലവാരം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന മാർക്കറ്റ് ഇടപെടൽ നടത്തി വരുന്നുണ്ട്. ഇതനുസരിച്ച് സോർട്ടക്സ് ഇനത്തിലുള്ള മട്ട അരി, പച്ചരി, ബോധന എന്നിവ കിലോഗ്രാമിന് 16 രൂപാ നിരക്കിൽ കാർഡുടമകൾക്ക് നൽകി വരുന്നു. കൂടാതെ നിബന്ധനകൾക്ക് വിധേയമായി കി.ഗ്രാമിന് 2 രൂപാ നിരക്കിലും 2011 സെപ്റ്റംബർ മുതൽ ബി.പി.എൽ/എ.എ.വൈ കുടുംബങ്ങൾക്ക് യഥാക്രമം 25 കി.ഗ്രാമും 35 കി. ഗ്രാമും വീതം അരി കിലോഗ്രാമിന് 1 രൂപാ നിരക്കിലും വിതരണം ചെയ്യുന്നുണ്ട്. |
| ബി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് പൊതു കമ്പോളത്തിൽ പ്രതിദിനം എത്ര ടൺ അരിയാണ് എത്തിക്കൊണ്ടിരിക്കുന്നത് ; ഇപ്പോൾ ഇത് കുറഞ്ഞിട്ടുണ്ടോ ; എങ്കിൽ എത്രയായി കുറഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് പ്രതിദിനം കൊണ്ടുവരുന്ന അരിയുടെ കൃത്യമായ അളവ് ലഭ്യമല്ല. |
| സി) സംസ്ഥാനത്ത് അരി പൂഴ്ത്തിവയ്പ് നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; പൂഴ്ത്തിവയ്പ് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് വിലക്കയറ്റം ഉണ്ടെന്ന് വരുത്തുവാനുള്ള ശ്രമങ്ങളെ പരാജയപ്പെടുത്തുന്നതിന് സർക്കാർ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്.പൊതുവിപണിയിൽ കരിഞ്ചന്ത, |

പൂഴ്ത്തി വയ്പ് എന്നിവ തടയുന്നതിനായി താലൂക്ക്/ജില്ലാ തലങ്ങളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് റെയ്ഡുകൾ നടത്തി കുറ്റക്കാർക്കെതിരെ 1955 ലെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തിന്റെ ആഭ്യന്തര വിപണിയിൽ കൃത്രിമ വിലക്കയറ്റം സൃഷ്ടി ക്കാനുള്ള പ്രവണതകൾക്കെതിരെ സിവിൽ സപ്ലൈസ് വകുപ്പ് ജാഗ്രത പുലർത്തി വരുന്നു.

സെക്ഷൻ ഓഫീസർ